DESPATCHED
22/06/2020

29/06/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.112(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.699/SIC-Gen 2/2013**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി പ്രീതാ എം.,
"സുപ്രിയം", പാറക്കടവ്,
പി.ഒ. അഞ്ചാംപീടിക,
കണ്ണൂർ – 670 331.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്ഷൻ ഓഫീസർ,
   ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി സെക്രട്ടറി,
   ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ G.O(Rt) 2190/2003/H & FWD dated 22.07.2003ന്റെ പകർപ്പാണ് പ്രധാനമായും ആവശ്യപ്പെട്ടത്. രണ്ടാം ചോദ്യത്തിൽ ഒരു വിശദീകരണമാണ് ആവശ്യപ്പെട്ടത്.

2. ഇതിന് ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി നൽകിയതായാണ് രേഖകളിൽ നിന്നു മനസ്സിലാകുന്നത്. അപ്പീൽ ഹർജിക്കാരിക്കു നൽകിയ ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പും ഒന്നാം എതിർകക്ഷി കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. പിന്നീട് രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിലും ഇത് ആവർത്തിച്ചിട്ടുണ്ട്. രണ്ടാം ചോദ്യം സംശയനിവാരണമാണ്. അതിന് വിവരാവകാശ നിയമപ്രകാരം മറുപടി നൽകേണ്ട കാര്യമില്ല. അതുകൊണ്ട് തന്നെ സംശയ നിവാരണത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ സമീപിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഇതെല്ലാം പരിഗണിക്കുമ്പോൾ എതിർകക്ഷികൾ ന്യായമായ മറുപടി നൽകിക്കഴിഞ്ഞു എന്നു കമ്മീഷൻ മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.